ഉത്തരം

(എ) നിർത്തലാക്കിയ കോട്ടയം വികസന അതോറിറ്റിയിൽനിന്ന് വായ്പ എടുത്തിട്ടുള്ള പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവർ അവർ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ വായ്പ തിരിച്ചടയ്ക്കണം. ആയത് ഗ്രാമപഞ്ചായത്ത് കെ.യു.ആർ.ഡി.എഫ്.സി.-ക്ക് നൽകുകയും കെ.യു.ആർ.ഡി.എഫ്.സി. അത് ഹഡ്കോയ്ക്ക് നൽകേണ്ടതുമാണ്.

(ബി) നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. നിർത്തലാക്കിയ കോട്ടയം വികസന അതോറിറ്റിയിൽപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളായ അയ്മനം, ആർപ്പൂക്കര, പനച്ചിക്കാട്, നാട്ടകം, വിജയപുരം, കുമരനല്ലൂർ, തിരുവാർപ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് ഇവരുടെ രേഖകൾ. പഞ്ചായത്തിൽനിന്നും ലഭിച്ച മേൽവിലാസം അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* അടവ് തുക സംബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

കണ്ണൂർ വികസന അതോറിറ്റി മുഖേനയുള്ള ഭവന നിർമ്മാണ വായ്പ

194 (486) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വികസന അതോറിറ്റി മുഖേന എത്ര പേർക്ക് ഭവന നിർമ്മാണ വായ്പ അനുവദിച്ചിട്ടുണ്ട്;

(ബി) വായ്പ ലഭിച്ചവരിൽ എത്ര പേരാണ് വായ്പ തുക പൂർണ്ണമായും തിരിച്ചടച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും എത്ര പേരാണ് വായ്പ തുക തിരിച്ചടയ്ക്കാനുള്ളത്;

(ഡി) ഈ ഇനത്തിൽ എത്ര തുക തിരിച്ചുകിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) വായ്പ കുടിശ്ശിക എഴുതിത്തള്ളണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വായ്പയെടുത്തവർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ് എന്ന വസ്തുത പരിഗണിച്ച് ഈ തുക എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 130 പേർ.

(ഡി) 2,55,18,387 രൂപ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) 27-11-2009-ലെ 222/2009/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം EWS വിഭാഗത്തിൽപ്പെട്ട 72 പേരുടെ ബാധ്യത എഴുതിത്തള്ളി. എന്നാൽ ഈ തുക സർക്കാർ അനുവദിക്കാത്തതിനാൽ ഇപ്രകാരം വായ്പ എഴുതിത്തള്ളിയവരുടെ ആധാരം തിരികെ നൽകിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly